"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള സ്റ്റേറ്റ് ബുക്ക് മാർക്കിന് തിരുവനന്തപുരത്ത് തുടങ്ങിയ കഫേ ബുക്ക് മാർക്ക് മാതൃകയിൽ മറ്റ് നഗരങ്ങളിലും കഫേ ബുക്ക് മാർക്ക് ആരംഭിക്കുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1945/2025/LSGD തീയതി,തിരുവനന്തപുരം, 06-08-2025

---

പരാമർശം:-
1. കേരള സ്റ്റേറ്റ് ബുക്ക് മാർക്ക് സെക്രട്ടറിയുടെ 05/08/2024-ലെ 03/എ2/317/24/കെഎസ്ബിഎം നമ്പർ കത്ത്.
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 05/12/2024-ലെ 4.11 നമ്പർ തീരുമാനം.
3. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവീനറുടെ 21/04/2025-ലെ 400/24/എസ്.ആർ.ജി/എൽ.എസ്.ജി.ഡി/സി.സി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പുസ്തകവായന, വില്പന, സംവാദം എന്നിവക്കായുള്ള ഇടമായി തിരുവനന്തപുരത്ത് അയ്യങ്കാളി ഹാളിനു സമീപം ബുക്ക്മാർക്ക് 'കഫേ ബുക്ക് മാർക്ക്' ആരംഭിച്ചിട്ടുണ്ട്. ഇതേ രീതിയിൽ മറ്റു നഗരപ്രദേശങ്ങളിലും 'കഫേ ബുക്ക് മാർക്ക്' ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും, ബുക്ക് മാർക്കിന് ഇന്റീരിയർ ഡിസൈൻ ടീം, എഡിറ്റോറിയൽ ടീം എന്നിവ ഉണ്ടെന്നും, 'കഫേ ബുക്ക് മാർക്ക്' സ്ഥാപിക്കാനുള്ള അക്രഡിറ്റഡ് ഏജൻസിയായി ബുക്ക് മാർക്കിനെ അംഗീകരിക്കണമെന്നും ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം പരാമർശം (2) പ്രകാരം ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മറ്റിയിൽ പരിശോധിച്ചു. ആയതിന്റെയടിസ്ഥാനത്തിൽ ബുക്ക്മാർക്ക് അക്രഡിറ്റേഷനായി തദ്ദേശ സ്വയംഭരണ വകുപ്പിന് അപേക്ഷ നല്കി തുടർനടപടി സ്വീകരിക്കേണ്ടതാണെന്നും, ബുക്ക് മാർക്ക് സാംസ്കാരിക വകുപ്പിന് കീഴിലുള്ള സ്ഥാപനമായതിനാൽ താല്പര്യമുള്ള നഗരസഭ/തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നടപടിക്രമങ്ങൾ പാലിച്ച് ബുക്ക്മാർക്ക് മുഖേന 'കഫേ ബുക്ക് മാർക്ക്' സ്ഥാപിക്കാൻ അനുമതി നല്കിക്കൊണ്ടും

ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

എല്ലാ തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപന മേധാവികൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

സെക്രട്ടറി, ബുക്ക് മാർക്ക്, ഫോർട്ട് പി.ഒ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.(3008047)

ഉത്തരവിൻ പ്രകാരം,
Signed by
Viraj K
Date: 06-08-2025 11:15:03
സെക്ഷൻ ഓഫീസർ.